**സബ്മിഷൻ**

(1) ദേശീയ പാതയ്ക്കുവേണ്ടി സ്ഥലം നൽകിയവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. പി. ടി. എ. റഹീം: സർ, കോഴിക്കോട്, പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി 2022 ഡിസംബർ 23-ന് കോഴിക്കോട് ഗസ്റ്റ് ഹൗസിൽ ഒരു യോഗം വിളിച്ചുകൂട്ടുകയും ചില തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നു. കെട്ടിടത്തിൽ കച്ചവടം ചെയ്യുന്ന വലിയ മുതൽമുടക്കുള്ള കച്ചവടക്കാരുടെ ഒരു വിഷയമാണിത്. അതുപോലെതന്നെ ഈ റോഡ് കടന്നുപോകുന്ന സ്ഥലത്ത് ലക്ഷംവീട് കോളനിയുമുണ്ട്. ഇവർക്ക് പ്രത്യേകമായ സംവിധാനം ഏർപ്പെടുത്തണമെന്ന് അന്ന് പറഞ്ഞിരുന്നതിനാൽ ഇക്കാര്യത്തിൽ ഒന്നുകൂടി അങ്ങയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഇതുസംബന്ധിച്ച് എന്തുനടപടിയാണ് എടുത്തതെന്ന് അറിയിക്കാമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, പാലക്കാട് ജില്ലയിലെ മരുതാ റോഡ് മുതൽ കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വരെ 121 കിലോമീറ്റർ ദൈർഘ്യമുള്ള പാലക്കാട്-കോഴിക്കോട് ദേശീയപാത 966 പാലക്കാട്-മലപ്പുറം-കോഴിക്കോട് എന്നീ

ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. ഗ്രീൻ ഫീൽഡ് ഹൈവേയ്ക്കായി മൂന്ന് ജില്ലകളിലായി ആകെ 545.527 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. എൻ.എച്ച്. ആക്ട് 1956 പ്രകാരം പ്രസ്തുത ഹൈവേയ്ക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിക്ക് 2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമം പട്ടിക ഒന്ന് പ്രകാരമുള്ള നഷ്ടപരിഹാരവും ആ ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടിക രണ്ട് പ്രകാരമുള്ള പുനരധിവാസവും നൽകുന്നതാണ്. ഭൂമിയുടെ വില 2013-ലെ ഭൂമിയേറ്റെടുക്കൽ നിയമം വകുപ്പ് 26 പ്രകാരമാണ് മാർക്കറ്റ് വില (BVR) കണക്കാക്കുന്നത്. 3A നോട്ടിഫിക്കേഷൻ തീയതിയ്ക്ക് പുറകിലേയ്ക്കുള്ള മൂന്ന് വർഷക്കാലയളവിൽ ഭൂമിയേറ്റെടുക്കുന്ന വില്ലേജിലോ സമീപ വില്ലേജുകളിലോ നടന്ന സമവും സമാനവുമായ ഭൂമികളുടെ മുഴുവൻ ആധാരങ്ങളും പരിശോധിച്ച് ഏറ്റവും കൂടുതൽ വില കാണിച്ച പകുതി ആധാരങ്ങളുടെ ശരാശരി വിലയാണ് മാർക്കറ്റ് വിലയായി കണക്കാക്കുന്നത്. ഇത്തരത്തിൽ കണക്കാക്കിയ മാർക്കറ്റ് വിലയുടെ (ബി.വി.ആർ.-ന്റെ) ഗുണനഘടകവും നഗരപ്രദേശത്തുനിന്ന് 10 കിലോമീറ്ററുള്ള ഗുണനഘടകത്തിന് 1.2-ഉം 10 മുതൽ 20 വരെയുള്ള ഗുണനഘടകത്തിന്

1.4-ഉം 20 മുതൽ 30 വരെയുള്ള ഗുണനഘടകത്തിന് 1.6-ഉം എന്നിങ്ങനെ മുന്നോട്ടുപോകുന്നു.

ഏറ്റെടുക്കുന്ന ഭൂമിയിലെ എല്ലാ നിർമ്മിതികൾക്കും പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് കണക്കാക്കുന്ന വില 6% സാൽവേജ് വാല്യൂ കുറച്ചും മരങ്ങളുടെ വിലനിർണ്ണയം സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റും കാർഷിക വിളകളുടെ വിലനിർണ്ണയം അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റും ഇതെല്ലാം കൂട്ടിക്കിട്ടുന്നതിന്റെ 100 ശതമാനം സൊലേഷ്യം അടക്കം കണക്കാക്കുന്ന വിലയായിരിക്കും ഇവിടെ നൽകുക. അതോടൊപ്പം 3A വിജ്ഞാപന തീയതി മുതൽ അവാർഡ് തീയതി വരെ 12% നിരക്കിൽ മാർക്കറ്റ് വിലയുടെ അധിക വർദ്ധനവും നൽകുന്നതാണ്. ഭൂമിയേറ്റെടുക്കൽമൂലം ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് പട്ടിക രണ്ട് പ്രകാരമുള്ള പുനരധിവാസത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഏറ്റെടുക്കുന്ന ഭൂമിയിലെ എല്ലാവിധ നിർമ്മിതികൾക്കും നഷ്ടപരിഹാരം നിർണ്ണയിക്കുന്നത് പൊതുമരാമത്ത് നടത്തുന്ന തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. എൻ.എച്ച്. മാനുവൽ പ്രകാരം പ്ലിന്ത് ഏരിയയുടെകൂടി അടിസ്ഥാനത്തിൽ കണക്കാക്കുന്ന നഷ്ടപരിഹാരം കെട്ടിട ഉടമയ്ക്കാണ്

അനുവദിക്കുന്നത്. കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത് ഫർണിഷിംഗ് നടത്തി കച്ചവടം ചെയ്യുന്നവർക്ക് എൻ.എച്ച്. മാന്വൽ പ്രകാരം പുന:സ്ഥാപനത്തിനുള്ള ഒറ്റത്തവണ അലവൻസായി 25000/- രൂപയും ഒറ്റത്തവണ സാമ്പത്തിക സഹായമായി 50000/- രൂപയും നൽകാനേ വ്യവസ്ഥയുള്ളൂ. എന്നാൽ ഫർണിഷിംഗ് നടത്തി കച്ചവടം ചെയ്യുന്നവർക്ക് ഫർണിഷിംഗിനുള്ള പ്രത്യേക ക്ലെയിം സമർപ്പിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നഷ്ടപരിഹാരം നിർണ്ണയിക്കാവുന്നതാണ്. കോംപീറ്റന്റ് അതോറിറ്റി ക്ലെയിം നിരസിക്കുന്ന പക്ഷം ആർബിട്രേഷൻ റീ-കൺസിലിയേഷൻ ആക്ട് പ്രകാരം ആർബിട്രേറ്ററായിട്ടുള്ള ജില്ലാ കളക്ടറെക്കണ്ട് പരാതി സമർപ്പിക്കുകയും ചെയ്യാം.

ബഹുമാനപ്പെട്ട അംഗം യോഗത്തിലുന്നയിച്ച ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് ലക്ഷംവീടുമായി ബന്ധപ്പെട്ടാണ്. ലക്ഷംവീട് കോളനിയിൽ പതിറ്റാണ്ടുകളായി തർക്കരഹിതമായി താമസിച്ചുവരുന്നവർക്ക് പട്ടയം ലഭ്യമാക്കി 2003 എൽ.എ.ആർ.ആർ. ആക്ട് പ്രകാരം നഷ്ടപരിഹാരവും നിലവിലെ പുന:രധിവാസ പാക്കേജ് പ്രകാരമുള്ള നഷ്ടപരിഹാരവും അനുവദിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗമുന്നയിച്ച

വിഷയം അംഗമുൾപ്പെടെയുള്ള ജനപ്രതിനിധികൾ നേരത്തെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഗ്രീൻ ഫീൽഡ് ഹൈവേയുടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടായ ആശങ്ക പരിഹരിക്കുന്നതിന് എം.എൽ.എ.-മാരുടെയും റവന്യൂ ഉദ്യോഗസ്ഥന്മാരുടെയും ഒരു യോഗം 23-12-2022-ൽ കോഴിക്കോട് വച്ച് ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഉയർന്നുവന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഭൂമിവില നിർണ്ണയിക്കുന്ന അവസരത്തിൽ കെട്ടിടങ്ങളുടെ ഡിപ്രീസിയേഷൻ ഫാക്ടർ ഒഴിവാക്കണമെന്ന വിഷയത്തിൽ ദേശീയപാതാ അതോറിറ്റിക്ക് ഇതിനകം കത്തുനൽകുകയും അവരുമായി പ്രാഥമിക ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ഭൂമിയേറ്റെടുക്കൽ വിജ്ഞാപനത്തിലുൾപ്പെട്ടവർ അപേക്ഷിച്ചിട്ടുള്ള പട്ടയങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിനും പ്രസ്തുത സർവ്വെ നമ്പരിലുൾപ്പെട്ട നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള തരംമാറ്റ അപേക്ഷകൾക്ക് മുൻഗണന നൽകി അവ തീർപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ജനങ്ങളുമായി ഉയർന്നുവരുന്ന എല്ലാ ആശങ്കയും നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട്

നടത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഭൂമിയേറ്റെടുക്കുന്നതിന് 25% പണം സർക്കാർ കൊടുക്കുന്ന ഏക സംസ്ഥാനമായി കേരളം മാറിയിട്ടുണ്ട്; ആ നിലവാരത്തിൽത്തന്നെ മുന്നോട്ടുകൊണ്ടുപോകുന്നതാണ്.

(2) ഒഴിഞ്ഞുകിടക്കുന്ന വീടുകൾക്ക് പ്രത്യേക നികുതി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പ്രധാനപ്പെട്ടൊരു കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ. പൂട്ടിക്കിടക്കുന്ന വീടുകൾക്ക് ടാക്സ് ഏർപ്പെടുത്തുന്നതിനുവേണ്ടി അങ്ങയുടെ ബഡ്ജറ്റ് പ്രൊപ്പോസലിൽ തീരുമാനമെടുത്തു. നമ്മുടെ നാട്ടിലുള്ള, അതായത് വിദേശത്ത് താമസിക്കുന്നവർക്കും മറ്റ് സ്ഥലങ്ങളിലുള്ളവർക്കും മാതാപിതാക്കളെക്കൂടി സ്വന്തം വീട്ടിലേയ്ക്ക് കൊണ്ടുപോയിട്ടുള്ളവർക്കും സാഹചര്യങ്ങൾക്കൊണ്ട് ഇവിടെ താമസിക്കാൻ പറ്റാതെ വരുന്നതിനാൽ അവ പൂട്ടിക്കിടക്കുകയാണ്. അങ്ങനെ പൂട്ടിക്കിടക്കുന്ന വീടുകൾക്ക് കാര്യമായ സുരക്ഷിതത്വം സർക്കാർ കൊടുക്കാറില്ല. അവർക്കൊരു ഇൻഷ്വറൻസ് കവറേജുമില്ല; മോഷ്ടാക്കൾ വന്നാൽ അവർക്കുണ്ടാകുന്ന നഷ്ടത്തിന്

പരിഹാരവും കൊടുക്കുന്നില്ല. സർക്കാർ ചെയ്യുന്നതെന്താണ്? അവരുടെമേൽ ഒരു ചാർജ്ജുകൂടി ഈടാക്കുകയാണ്. മോട്ടോർ-വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന് ഒരു നിയമമുണ്ട്. ഓടാത്ത വണ്ടിക്ക് ടാക്സ് വാങ്ങില്ല. ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജുവിന് കൃത്യമായി അതറിയാം. ഓടാത്ത വണ്ടിക്ക് ടാക്സേ വാങ്ങില്ല.... ഇങ്ങനെ പൂട്ടിക്കിടക്കുന്ന വീടുകൾക്ക് ടാക്സ് വാങ്ങാനായി എത്ര കോടി രൂപ ഗവൺമെന്റ് ലക്ഷ്യമിടുന്നുവെന്നറിയില്ല. ഏതായാലും ഇത് തെറ്റാണ്; അവർ ഇവിടെനിന്ന് വാങ്ങിയ എല്ലാ സാമഗ്രികളും ഉരുപ്പടികളും വച്ചാണ് ആ കെട്ടിടം പണിതിട്ടുള്ളത്. ദൗർഭാഗ്യവശാൽ അവർക്ക് ആ കെട്ടിടത്തിൽ ജീവിക്കാൻ കഴിയുന്നില്ലെന്നുള്ളത് സാഹചര്യങ്ങൾ കൊണ്ടാണ്; അല്ലാതെ അവരുടേതായ തെറ്റല്ല. അതിനാൽ ഈ വീടുകളിന്മേൽ ടാക്സ് ഏർപ്പെടുത്തുന്നതിനുവേണ്ടി അങ്ങെടുത്ത തീരുമാനം പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ടിന്റെ ലഭ്യതക്കുറവ് അവയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കാതിരിക്കാനും

കാലങ്ങളായുള്ള പരിഷ്കരണം നികുതിയിനത്തിൽ വരുത്തേണ്ടതിനാലും അതുവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണവും ലക്ഷ്യമിട്ട് നികുതി പരിഷ്കരണം സംബന്ധിച്ച ചില നിർദ്ദേശങ്ങളാണ് ബഡ്ജറ്റ് സ്പീച്ചിൽ പറഞ്ഞിരിക്കുന്നത്. അതുസംബന്ധിച്ച് ഞാൻ ഒന്നുരണ്ടുതവണ പ്രതികരിക്കുകയും ചെയ്തിരുന്നു. അടഞ്ഞുകിടക്കുന്ന വീടുകൾ, പ്രവാസികളുടെ വീടുകൾ എന്നിവയ്ക്കെല്ലാം വലിയ ടാക്സ് വരുമെന്നൊക്കെ ചില സംശയങ്ങളും വിവാദങ്ങളും വന്നപ്പോൾത്തന്നെ ഞാനെന്റെ അഭിപ്രായം പറഞ്ഞിരുന്നു. ചില നിർദ്ദേശങ്ങളാണ് ബഡ്ജറ്റിൽ വച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പാണ് ഇതുനോക്കേണ്ടത്. പക്ഷേ ഇത്തരം കാര്യങ്ങളൊന്നും ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ലായെന്ന് പറഞ്ഞിരുന്നു. അടഞ്ഞുകിടക്കുന്ന വീടുകൾക്കും ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്ന വീടുകൾക്കും ടാക്സ് ഈടാക്കുന്നതു സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ വച്ചെങ്കിലും ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ലെന്നത് ഈ സഭയിലും പറയുകയാണ്. ഈ ബഡ്ജറ്റ് കഴിഞ്ഞപ്പോഴും പറഞ്ഞിരുന്നു. പ്രവാസികളുടെ ഭാഗത്തുനിന്നും ചില ചോദ്യങ്ങൾ വന്നിരുന്നു. അവരോടും പറഞ്ഞിരുന്നു. പൊതുവിലുള്ള ചില കാര്യങ്ങൾ നോക്കാൻ വേണ്ടിയുള്ള

പലനിർദ്ദേശങ്ങളുടെ ഭാഗമായാണ് ഇത്തരം നിർദ്ദേശം വച്ചത്. നികുതിയെന്ന നിലയിൽ നടപ്പിലാക്കുന്നതല്ല. തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിക്കേണ്ട കാര്യങ്ങളാണ്. അടഞ്ഞുകിടക്കുന്ന വീടുകൾക്കും പ്രവാസികളുടെ വീടുകൾക്കുമുള്ള നികുതി നിർദ്ദേശം ഇപ്പോൾ നടപ്പിലാക്കണ്ടയെന്നതാണ് തീരുമാനം. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായും നേരത്തേ സംസാരിച്ചിരുന്നു. സഭയിലും ഞാനക്കാര്യം വീണ്ടും പറയുകയാണ്.

(3) മെഡിസെപ് ആനുകൂല്യം

ശ്രീ. കെ. ജെ. മാക്സി: സർ, സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കുമായി സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പ് ജീവനക്കാരെയും പെൻഷൻകാരെയും സംബന്ധിച്ചിടത്തോളം ഏറെ ആശ്വാസകരവും മാതൃകാപദ്ധതിയുമാണ്. ഈ പദ്ധതിയിൽ വിശാല കൊച്ചി വികസന അതോറിറ്റി ജീവനക്കാരും പെൻഷൻകാരും ഉൾപ്പെട്ടിട്ടില്ല. തനതുഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്നൊരു സ്ഥാപനമെന്ന നിലയിൽ മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുക വഴി അതോറിറ്റിയുടെ സാമ്പത്തിക

ബാദ്ധ്യതകൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കും. സ്പാർക്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥാപനത്തിലെ ജീവനക്കാരെ ഉൾപ്പെടുത്തുന്നതിനായി മെഡിസെപ്പ് ഐ.ഡി. നിലവിൽവന്ന സാഹചര്യത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാരെയും പെൻഷൻകാരെയും ഉൾപ്പെടുത്തുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളില്ലെന്ന് അറിയുന്നു. ഇവരെ ഉൾപ്പെടുത്തുന്നതുവഴി സർക്കാരിന് യാതൊരുവിധ അധിക ബാദ്ധ്യതകളില്ലാത്തതുമാണ്. ഈ സാഹചര്യത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാരെയും പെൻഷൻകാരെയും മെഡിസെപ്പിൽ ഉൾപ്പെടുത്താനോ അല്ലെങ്കിൽ സർക്കാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സർക്കാർ നിശ്ചയിച്ച കമ്പനിയുമായി നേരിട്ട് കരാറിൽ ഏർപ്പെടുത്തുന്നതിന് അതോറിറ്റിക്ക് അനുമതി നൽകിക്കൊണ്ടോ പദ്ധതി നടപ്പിലാക്കാനുള്ള തീരുമാനം സർക്കാരിൽനിന്നും ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിത്തുടങ്ങി. പ്രധാന പോയിന്റുകൾ മാത്രം പറയാം. വിശദമായ നോട്ട് മേശപ്പുറത്തുവയ്ക്കുന്നു.+

---

\+ അനുബന്ധമായി ചേർക്കുന്നു.

ഈ പദ്ധതി തുടങ്ങി കുറച്ചുസമയമായതുകൊണ്ടുതന്നെ ഇതുവരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താത്ത വിശാല കൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാരെയും പെൻഷൻകാരെയും ഇപ്പോൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. സർക്കാർ അഡ്വാൻസായി ഇൻഷ്വറൻസ് കമ്പനിക്ക് നൽകുന്ന പ്രീമിയം തുക നിലവിൽ പദ്ധതിയിൽ അംഗങ്ങളായ ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രതിമാസ ശമ്പളത്തിൽനിന്നും പെൻഷനിൽനിന്നും യഥാക്രമം ഈടാക്കിവരുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരിനുകീഴിലുള്ള വിവിധ കമ്പനി, ബോർഡ്, കോർപ്പറേഷൻ, സ്വയംഭരണ സ്ഥാപനങ്ങളിലെയും വിശാലകൊച്ചി വികസന അതോറിറ്റിയിലെ ജീവനക്കാരെയും പെൻഷൻകാരെയും മറ്റ് സംഘടിത മേഖലയിലെ ജീവനക്കാർ, പെൻഷൻകാർ എന്നിവരെയും പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ ഇവരുടെ പക്കലിൽനിന്നും പ്രീമിയം ഈടാക്കുന്നതിനുള്ള പ്രായോഗികത പരിശോധിച്ച് പദ്ധതിയുടെ അടുത്തഘട്ടം ആരംഭിക്കുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്. സർക്കാർ പരിഗണിക്കുന്നതാണ്.

(4) വാണിയമ്പലം ടൗൺ സ്ക്വയറിന്റെ പ്രവർത്തനം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വാണിയമ്പലത്ത് വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഡി.റ്റി.പി.സി.-യുടെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതിയാണ് വാണിയമ്പലം ടൗൺ സ്ക്വയർ പദ്ധതി. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള സ്ഥലം അനുവദിച്ചത് ഗ്രാമപഞ്ചായത്തായിരുന്നു. പദ്ധതിയുടെ പ്രവൃത്തി പൂർത്തീകരിച്ചു. പഞ്ചായത്ത് ഭൂമിയിലാണ് ടൂറിസം വകുപ്പ് ഡി.റ്റി.പി.സി.-യുടെ നേതൃത്വത്തിൽ ഈ പദ്ധതി ആരംഭിച്ചത്. പക്ഷേ പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടത്തിക്കൊണ്ടുപോകാനുള്ള ആഗ്രഹം പഞ്ചായത്ത് പ്രകടിപ്പിച്ചു. ഇതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പും ഗ്രാമപഞ്ചായത്തും തമ്മിൽ ചില തർക്കങ്ങളുണ്ടായി. ഇതുമായി ബന്ധപ്പെട്ട് ഞാൻ മലപ്പുറം ജില്ലാ കളക്ടറുടെ ചേംബറിലും വണ്ടൂരിലും ബഹുമാനപ്പെട്ട മന്ത്രിയുടെ ചേംബറിലും വച്ച് യോഗങ്ങൾ ചേരുകയുണ്ടായി. കഴിഞ്ഞ തവണ ബഹുമാനപ്പെട്ട മന്ത്രിക്ക് കത്തുനൽകുകയും ചെയ്തിരുന്നു. ടൂറിസം ഡിപ്പാർട്ടുമെന്റ് പ്രൈവറ്റ് സെക്ടറിൽപ്പോലും ഇത്തരം പദ്ധതികൾ ആരംഭിക്കാറുണ്ട്. പിൽഗ്രിം

ടൂറിസത്തിന്റെ ഭാഗമായി ആരാധനാലയങ്ങളിൽ, അമ്പലങ്ങളിൽ, പള്ളികളിലെല്ലാം ടൂറിസം ഡിപ്പാർട്ടുമെന്റ് ഇത്തരത്തിലുള്ള പ്രവൃത്തികൾ മുൻകാലങ്ങളിലും ഇപ്പോഴും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുകീഴിലുള്ള സ്ഥലത്ത് ടൂറിസം ഡിപ്പാർട്ടുമെന്റ് ഒരു പദ്ധതി പൂർത്തീകരിച്ച് കഴിഞ്ഞാൽ അതിന്റെ നടത്തിപ്പ് പഞ്ചായത്തിന് കൊടുക്കുന്നത് ഒരു പ്രയാസവുമില്ലാത്ത കാര്യമാണ്. കഴിഞ്ഞ ആറേഴ് വർഷക്കാലമായി ഇത് തുറക്കാതെ, പ്രവർത്തിക്കാതെ കിടക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, പഞ്ചായത്ത് ഭരണസമിതിയെ സംബന്ധിച്ചിടത്തോളം അവിടെനിന്നും ലഭിക്കുന്ന വരുമാനം ഒരുപരിധിവരെ ഡി.റ്റി.പി.സി.-ക്ക് നൽകാനും അവർ തയ്യാറാണ്. അപ്രകാരം ഡി.റ്റി.പി.സി.-യും പഞ്ചായത്തും വരുമാനം വീതിച്ചെടുത്തുകൊണ്ടും എന്നാൽ നടത്തിപ്പ് പഞ്ചായത്തിനെ ഏൽപ്പിച്ചുകൊണ്ടും മുന്നോട്ടുപോകാനുള്ള ഒരു സാഹചര്യം ഒരുക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, മലപ്പുറം ജില്ലയിലെ വണ്ടൂരിൽ നാലരക്കോടിയോളം രൂപ ചെലവഴിച്ച് ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന വാണിയമ്പലം ടൗൺ സ്ക്വയർ നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട വിഷമാണ് മുൻമന്ത്രികൂടിയായിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ഉന്നയിച്ചത്. വണ്ടൂർ പഞ്ചായത്തിൽനിന്നും നാളിതുവരെയായി കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലാത്തതിനാൽ കെട്ടിടം ഡി.റ്റി.പി.സി.-ക്ക് കൈമാറി ലഭിച്ചിട്ടില്ല എന്നൊരു പ്രശ്നമുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ജില്ലാ വികസന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. യോഗത്തിന്റെ തീരുമാനങ്ങൾ സർക്കാരിലേയ്ക്ക് ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇതുപരിശോധിച്ച് ഇവിടെ ഉന്നയിച്ച വിഷയത്തിൽ എങ്ങനെ പരിഹാരം കാണാനാകുമെന്ന് നോക്കാവുന്നതാണ്. ആവശ്യമായ നടപടികൾ ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാം. ടൂറിസം വികസനമാണ് ലക്ഷ്യമെങ്കിൽ ഡി.റ്റി.പി.സി.-യുടെ പങ്കാളിത്തത്തോടുകൂടി പദ്ധതി മുന്നോട്ടുപോകുന്നതാണ് ഉചിതമെന്ന അഭിപ്രായമാണ് ടൂറിസം വകുപ്പിനുള്ളത്. എട്ടുവർഷമായി നിലനിൽക്കുന്ന പ്രശ്നമാണ്. എന്നാൽ

മറ്റുകാര്യങ്ങളെല്ലാം പരിശോധിച്ച് ഇതെങ്ങനെ പരിഹരിക്കാനാകുമെന്നുള്ളത് ചർച്ച ചെയ്യാവുന്നതാണ്.

(5) ഐരവൺ പാലം നിർമ്മാണം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കോന്നിയുടെ വികസനത്തിന് വലിയ കുതിപ്പേകുന്നതാണ് ഐരവൺ പാലം. അരുവാപ്പുലം പഞ്ചായത്തിനെ അച്ചൻകോവിലാർ രണ്ട് കരകളായി വേർതിരിക്കുകയാണ്. അരുവാപ്പുലം-ഐരവൺ കരകളെ ബന്ധിപ്പിക്കുന്ന ഈ ഐരവൺ പാലം ആ നാട്ടിലെ ജനങ്ങളുടെ ദീർഘകാലത്തെ ആഗ്രഹമാണ്. ഇരുകരകളിലും താമസിക്കുന്നവർ പരസ്പരം ബന്ധപ്പെടണമെങ്കിൽ കിലോമീറ്ററുകൾതാണ്ടി മറ്റു പഞ്ചായത്തിലൂടെ കടന്നുവരേണ്ട സ്ഥിതിയാണുള്ളത്. കോന്നി മെഡിക്കൽ കോളേജിലേയ്ക്കുൾപ്പെടെ യാത്ര ചെയ്യുന്ന ആളുകൾക്ക് ഏറെ ഗുണകരമായ ഈ പാലം ആ നാട്ടിലെ ജനങ്ങളുടെ ദീർഘകാലത്തെ ആഗ്രഹമാണ്. സംസ്ഥാന സർക്കാർ റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി 2021 രണ്ടാംമാസം 12.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ് വിഭാഗത്തിനാണ് നിർമ്മാണച്ചുമതല. ഇതിന്റെ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച്

അടിയന്തരമായി നിർമ്മാണം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നതാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പുലം ഗ്രാമപഞ്ചായത്തിലെ ഐരവൺ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷമാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. യു. ജനീഷ് കുമാർ ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ചത്. 06-02-2021-ൽ തദ്ദേശസ്വയംഭരണ വകുപ്പ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 12.25 കോടി രൂപക്ക് എ.എസ്. നൽകിയിരുന്നു. 27-07-2022-ലെ ഉത്തരവിലൂടെ പാലത്തിന്റെ നിർമ്മാണച്ചുമതല പി.ഡബ്ല്യൂ.ഡി. പാലം വിഭാഗത്തിന് കൈമാറി ലഭിക്കുകയും ചെയ്തു. പാലം നിർമ്മാണ പ്രവൃത്തിയുടെ മണ്ണുപരിശോധന പൂർത്തിയാക്കി അന്തിമ രൂപകൽപ്പന തയ്യാറാക്കിയിട്ടുണ്ട്. അന്തിമ രൂപകൽപ്പന അടിസ്ഥാനമാക്കി തയ്യാറാക്കിയ സാങ്കേതികാനുമതി എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതാണ് അടുത്തഘട്ടം. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്യുന്ന ശീർഷകത്തിൽ ഭരണാനുമതി ലഭിച്ചതിനാൽ പ്രൈസിൽ സാങ്കേതികാനുമതി നൽകുന്നതിന്

സ്വയംഭരണ വകുപ്പിൽനിന്നും അനുമതി നൽകേണ്ടതുണ്ട്. അല്ലെങ്കിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും ബിൽ തുക മാറത്തക്കവിധത്തിൽ ഭരണാനുമതി ലഭ്യമായ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശീർഷകം പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ ചീഫ് എഞ്ചിനീയർക്കുകൂടി ക്രോസ് മാപ്പ് ചെയ്ത് ലഭിക്കുകയും പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയും വേണം. ശീർഷകം ക്രോസ് മാപ്പ് ചെയ്ത് ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചിഫ് എഞ്ചിനീയർക്ക് 09-11-2022-ൽ കത്തുനിൽകിയിട്ടുണ്ട്. ഇതിനുള്ള മറുപടി ലഭ്യമായിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കാം. ഈ പ്രവൃത്തിക്കാവശ്യമായ സ്ഥലം വിട്ടുനൽകേണ്ട ഉടമകളിൽനിന്നും അഡ്വാൻസ് പൊസഷൻ ഒപ്പിട്ട് വാങ്ങിയിട്ടുണ്ട്. മറ്റുകാര്യങ്ങൾ വേഗത്തിലാക്കാൻ എല്ലാ നിലയിലും ഇടപെടാം.

(6) <u>പേരാവൂരിലെ റോഡുകളുടെ നവീകരണം</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, പേരാവൂർ നിയോജകമണ്ഡലം വിസ്തൃതിയേറിയ നിയോജകമണ്ഡലമാണ്. 340 കിലോമീറ്റർ പി.ഡബ്ല്യൂ.ഡി റോഡിൽ പകുതി റോഡുകൾ മാത്രമെ ആധുനിക രീതിയിൽ

നവീകരിച്ചിട്ടുള്ളൂ. തലശ്ശേരി-മൈസൂർ റോഡിന്റെ ഭാഗമായി കെ.എസ്.ടി.പി വർക്കും മലയോര ഹൈവേയും റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് വിമാനത്താവള റോഡിന്റെ പദ്ധതികളും നിലവിലുണ്ട്. എന്നാൽ പകുതിയിലേറെ ദൂരം റോഡുകൾ ഇപ്പോഴും ഗതാഗതയോഗ്യമല്ലാത്തൊരു രൂപത്തിലും ആധുനികമായി നവീകരിക്കാത്ത രൂപത്തിലും അവശേഷിക്കുകയാണ്. അത് നവീകരിക്കണം. ബഡ്ജറ്റ് വർക്കായി ഇപ്രാവശ്യവും അഞ്ച് കോടി രൂപ മാത്രമാണ് ഒരു നിയോജകമണ്ഡലത്തിൽ കിട്ടുന്നത്. അഞ്ച് കിലോമീറ്റർ റോഡ് ഉണ്ടെങ്കിൽ അതിന്റെ ബി.എം&ബി.സി വർക്കിനു പോലും അലോട്ട് ചെയ്യുന്ന ബഡ്ജറ്റ് വിഹിതം മതിയാകുന്നില്ല. കഴിഞ്ഞ വർഷംതന്നെ അഞ്ച് കിലോമീറ്ററുള്ള ഒരു റോഡിന്റെ മൂന്ന് കിലോമീറ്റർ പ്രവർത്തി മാത്രമെ പൂർത്തീകരിക്കാൻ സാധിച്ചുള്ളൂ. അതുപോലെ പണം അനുവദിക്കാത്തതുക്കൊണ്ട് പല മെയിന്റനൻസ് വർക്കുകളും നടക്കുന്നില്ല. പുതിയതായിട്ടൊരു പരിഷ്ക്കാരമെന്ന നിലയിൽ മെയിന്റനൻസ് വിംഗ് ഉണ്ടാക്കുകയും അവർ ലിസ്റ്റൊക്കെ പ്രഖ്യാപിച്ചെങ്കിലും ആ ലിസ്റ്റ് അനുസരിച്ചുള്ള പ്രവൃത്തി നടക്കുന്നില്ല. അതുകൊണ്ട് ചില റോഡുകളിൽ വർഷങ്ങളായി മഴയുടെയും

പ്രകൃതിക്ഷോഭത്തിന്റെയും കെടുതികളനുഭവിച്ച് നാശനഷ്ടം വന്നിട്ടുള്ള സ്ഥലങ്ങളിൽ തീർത്തും ഗതാഗതയോഗ്യമല്ലാത്ത സാഹചര്യം നിലനിൽക്കുകയാണ്. പേരാവൂർ നിയോജകമണ്ഡലത്തിലെ മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേരാത്തതുകൊണ്ടല്ല, ചേരുന്നുണ്ട്. നോഡൽ ഓഫീസറുണ്ട്. കമ്മിറ്റി ചേർന്ന് ചർച്ച ചെയ്യുന്നുമുണ്ട്. പക്ഷെ കമ്മിറ്റിക്ക് പണം അനുവദിക്കാനുള്ള അധികാരമില്ല. പുതുതായി സ്ഥാപിച്ചിട്ടുള്ള മെയിന്റനൻസ് വിംഗ് അത് ഫലപ്രദമെയല്ല. മെയിന്റനൻസ് വിംഗിന് യഥാർത്ഥത്തിൽ റോഡ് എന്തെന്ന് അറിയില്ല. പി.ഡബ്ല്യു.ഡി.-യുടെ സെക്ഷൻ ഓഫീസ്, മെയിന്റനൻസ് വിംഗ് എന്നിങ്ങനെ രണ്ട് വിംഗായി പോകുകയാണ്. അവർക്ക് പലർക്കും റോഡിന്റെ യഥാർത്ഥ്യം അറിയില്ല, വേണ്ടത്ര കാര്യക്ഷമതയില്ല. അതുകൊണ്ട് ഇത്തരത്തിൽ റോഡ് ദൈർഘ്യം കൂടുതലുള്ള പ്രദേശങ്ങളിൽ അവിടത്തെ ട്രാഫിക് ഡെൻസിറ്റി ശാസ്ത്രീയമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇരിട്ടി താലൂക്ക് ആസ്ഥാനത്തേയ്ക്കുള്ള മൂന്ന് പ്രധാനപ്പെട്ട റോഡുകൾ, പേരാവൂരിനെയും ഇരിട്ടിയെയും ബന്ധിപ്പിക്കുന്ന റോഡുകളുൾപ്പെടെ കേന്ദ്ര റോഡ് ഫണ്ട് (CRF) ലിസ്റ്റിലുണ്ടായിരുന്നു.

അവസാനം ലിസ്റ്റ് വന്നപ്പോൾ സംസ്ഥാന ഗവൺമെന്റിന് മുൻഗണന കിട്ടിയില്ലെന്നുള്ളതിന്റെ പേരിൽ അത് നഷ്ടമാക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട് ഈ പ്രധാനപ്പെട്ട റോഡുകളും ജനങ്ങളുടെ യാത്ര സൗകര്യത്തിനെ സാരമായി ബാധിക്കുന്ന റോഡുകളും അത്യാവശ്യമായി മെയിന്റനൻസ് ഉറപ്പ് വരുത്താനും, ഘട്ടം,ഘട്ടങ്ങളായി പുനരുദ്ധരാണം നടത്താനുമാവശ്യമായിട്ടുള്ള ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ഇതിനെസംബന്ധിച്ച് പ്രത്യേക യോഗം വിളിക്കണമെന്ന് ഞാനൊരു കത്ത് കൊടുത്തിരുന്നു. അദ്ദേഹം വിളിക്കാമെന്ന് പറഞ്ഞിരുന്നെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് റോഡ് ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക പരിഗണന നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പേരാവൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ നവീകരണവുമായി ബന്ധപ്പെട്ടാണ് ബഹുമാന്യനായ അംഗം ശ്രീ. സണ്ണി ജോസഫ് ഇവിടെ സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം നേരത്തെയും

സഭയിൽ ഈ വിഷയം ഉന്നയിച്ചതാണ്. ഈ നിയോജകമണ്ഡലത്തിൽ ആകെ 344 കിലോമീറ്റർ ദൈർഘ്യത്തിൽ പി.ഡബ്ല്യൂ.ഡി റോഡുകളുണ്ട്. ഇതിൽ 184 കിലോമീറ്റർ ബി.എം&ബി.സി റോഡുകളായി ഉയർത്തിയതാണ്. പേരാവൂർ നിയോജകമണ്ഡലത്തിൽ 50 ശതമാനത്തിലധികം റോഡുകൾ ബി.എം&ബി.സി ആണെന്നുള്ളത് സഭയെ അറിയിക്കുന്നു. ഇത് സംസ്ഥാന ശരാശരിയുടെ ഇരട്ടിയാണ്. 160 കിലോമീറ്റർ റോഡാണ് ബി.എം&ബി.സി നിലവാരത്തിലേയ്ക്ക് ഇനി ഉയർത്താനുള്ളത്. നിലവിൽ 5 കിലോമീറ്ററോളം ബി.എം&ബി.സി പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. രണ്ടര കിലോമീറ്റർ റോഡുകൂടി നവീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. റണ്ണിംഗ് കോൺട്രാക്ടിന്റെ ആദ്യഘട്ടത്തിൽ 129 കിലോമീറ്റർ റോഡുകളും രണ്ടാംഘട്ടത്തിൽ 49 കിലോമീറ്റർ റോഡുകളും പരിപാലിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച മെയിന്റനൻസ് വിഭാഗത്തെക്കുറിച്ച് പരിശോധിക്കാം. പൊതുവെ റണ്ണിംഗ് കോൺട്രാക്ട് സംവിധാനം കേരളത്തിൽ പുതിയ സംവിധാനമാണ്. അത് സഭയിലെ എല്ലാം അംഗങ്ങളും മനസ്സിലാക്കുമെന്ന് കരുതുന്നു. പരിപാലന കാലാവധി

കഴിഞ്ഞ് റോഡിന് കുണ്ടും കുഴിയും വന്നാൽ അപ്പോൾ പരാതി പറഞ്ഞ എം.എൽ.എ.-മാരൊക്കെ ഇടപ്പെട്ട് എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ വിളിക്കുന്ന രീതിയായിരുന്നു കേരളത്തിൽ. എന്നാൽ പരിപാലന കാലാവധി കഴിയുന്നതിനുമുമ്പ് തന്നെ പരിപാലന, കാലാവധി കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേയ്ക്ക് ഈ റോഡിന്റെ പരിപാലനം കുഴി അടയ്ക്കൽ, കാട് വെട്ടൽ തുടങ്ങിയ കാര്യങ്ങൾ ആര് ചെയ്യണമെന്ന് നേരത്തെ നിശ്ചയിച്ച് ടെണ്ടർ നൽകുന്ന പുതിയ കോൺട്രാക്ട് സംവിധാനമാണ് റണ്ണിംഗ് കോൺട്രാക്ട് സംവിധാനം. കേരളത്തിലെ 30,000 കിലോമീറ്റർ പി.ഡബ്ല്യൂ.ഡി റോഡുകളിൽ രണ്ട് ഫെയസുകളായി ഏകദേശം 20,000 കിലോമീറ്റർ റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിൽ വന്നുയെന്നുള്ള വിവരം സന്തോഷപൂർവ്വം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. റണ്ണിംഗ് കോൺട്രാക്ട് പരിശോധിക്കുന്നതിന് കൃത്യമായ സംവിധാനമുണ്ട്. 8 മാസം മുമ്പ് ഈ സഭയിൽ വളരെ ഗൗരവത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെ ചർച്ച ചെയ്ത വിഷയമാണ്. മെയിന്റനൻസ് വിഭാഗത്തെക്കുറിച്ച് പരിശോധിച്ചാൽ, കഴിഞ്ഞ ആറുമാസമായി 45 ദിവസം ഇടവിട്ട് 14 ജില്ലകളിലും ഓരോ

നോഡൽ ഓഫീസർമാരുടെ നേതൃത്വത്തിൽ ഒരു ടീം പരിശോധന നടത്തിവരുന്നുണ്ട്. അതോടൊപ്പം മാസത്തിലൊരിക്കൽ സൂപ്രണ്ടിംഗ് എഞ്ചിനീയറും പരിശോധിക്കും. ഇങ്ങനെ ഉദ്യോഗസ്ഥർ ഓഫീസിൽ ഇരിക്കുന്നതുമാത്രമല്ല, റോഡിൽ സന്ദർശിച്ച് പരിശോധിക്കുന്ന നിലപാട് എൽ.ഡി.എഫ്. നടപ്പിലാക്കിവരികയാണ്. അതിനിടയിൽ പേരാവൂരിൽ മാത്രം ഇങ്ങനെയൊരു മാറ്റം വന്നുവെന്നുള്ളത് പരിശോധിച്ച് മുന്നോട്ട് പോകാം. എവിടെയെങ്കിലും ആരുടെയെങ്കിലും ഭാഗത്ത് വീഴ്ചയുണ്ടെങ്കിൽ അത് പരിശോധിച്ച് തിരുത്തി മുന്നോട്ട് പോകാവുന്നതാണ്. പേരാവൂർ നിയോജകമണ്ഡലത്തിലെ KSTP റോഡ് - മാനന്തവാടി-പെരിയ റോഡിന്റെ നവീകരണ പ്രവൃത്തികൾ നടന്നുവരികയാണ്. പ്രസ്തുത റോഡ് 102 കോടി 23 ലക്ഷം രൂപ ചെലവഴിച്ച് നവീകരിക്കുകയാണ്. നിലവിൽ 68.94 ശതമാനം പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. പേരാവൂർ നിയോജകമണ്ഡലത്തിലെ കള റോഡ്, വളവുപാറ റോഡ് KSTP -യുടെ OPBRC പാക്കേജ്-V എന്ന പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ നവീകരിച്ച ഡി.പി.ആർ നിലവിൽ ഗ്രൗണ്ട് ട്രൂത്തിങ്ങിനായി കണ്ണൂർ റോഡ് മെയിന്റനൻസ് ഡിവിഷന് കൈമാറിയിട്ടുണ്ട്. റിപ്പോർട്ട് വേഗത്തിൽ

തയ്യാറാക്കി പദ്ധതി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കും. പേരാവൂർ മണ്ഡലവുമായി ബന്ധപ്പെട്ട മൂന്ന് കിഫ്ബി പദ്ധതികൾക്കാണ് കഴിഞ്ഞ വർഷം സാമ്പത്തികാനുമതി ലഭ്യമായതെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിലൊന്ന് മലയോര ഹൈവേയുമായി ബന്ധപ്പെട്ട അമ്പായതോട് - ബോയസ് ടൗൺ റോഡാണ്. ഈ റോഡിനായി 35.67 കോടി രൂപ കിഫ്ബി അനുവദിച്ച കാര്യം ബഹുമാനപ്പെട്ട അംഗത്തെ ഒരിക്കൽക്കൂടി ഞാൻ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഈ സഭയിലും പുറത്തുമായി അങ്ങ് ചൂണ്ടിക്കാട്ടിയ പ്രവൃത്തിയാണ് വകുപ്പിന്റെക്കൂടി ഇടപെടലിന്റെ ഭാഗമായി സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളത്. കണ്ണൂർ എയർപോർട്ട് കണക്ടിവിറ്റിയിലെ മാനന്തവാടി-ബോയസ് ടൗൺ പേരാവൂർ-ശിവപുരം റോഡ് റീച്ച് 3 അമ്പായത്തോട്-മട്ടന്നൂർ റോഡിന്റെ സ്ഥലമേറ്റെടുക്കലിന് 964 കോടി 72 ലക്ഷം രൂപ കഴിഞ്ഞ ദിവസം കിഫ്ബി അനുവദിച്ച വിവരം സന്തോഷപൂർവ്വം ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. വെള്ളാർവള്ളി മുതൽ അമ്പായത്തോട് വരെയുള്ള ഭാഗമാണ് പേരാവൂർ മണ്ഡലത്തിൽ വികസിപ്പിക്കുക. റോഡ് നാലുവരിയായി

വികസിപ്പിക്കുന്നതിനാണ് ഇപ്പോൾ പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഈ റോഡിന് തുക അനുവദിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ആവശ്യമായ ഇടപെടലുകൾ നടത്തിയിരുന്നുവെന്നുള്ളത് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. പെരുവമ്പറമ്പ-കല്ലുവയൽ-നെല്ലിക്കാംപൊയിൽ റോഡ് 6.96 കിലോമീറ്റർ ദൂരം വികസിപ്പിക്കുന്നതിനായി 30 കോടി 97 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയ സന്തോഷവിവരം ഒരിക്കൽകൂടി ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതൊക്കെ പറയുമ്പോൾ ഇവിടെ ചെയ്ത കാര്യങ്ങൾ കുറച്ച് കൂടിപ്പോയോയെന്ന് മറ്റുള്ള എം.എൽ.എ-മാർ സംശയിക്കുമോയെന്നാണ് എന്റെ ഭയം. മലയോര ഹൈവേയുടെ ഭാഗമായ വള്ളിത്തോട്-അമ്പായത്തോട് റോഡ് വികസിപ്പിക്കുന്നതിന് 52 കോടി 91 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകിയും ടെണ്ടർ നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയുടെ അനുമതി ലഭിച്ചാലുടൻ അവിടെ പ്രവൃത്തി ആരംഭിക്കാൻ കഴിയും. പേരാവൂർ മണ്ഡലത്തിന്റെകൂടി ഭാഗമായി 1048 കോടി 60 ലക്ഷം രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുണ്ടെന്നുള്ളത് പ്രത്യേകം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് പറയുമ്പോൾ ഒരു കാര്യംകൂടി കൂട്ടിച്ചേർത്ത്

പറയാതെ പോകുന്നത് നന്ദികേടാകും. 36 പദ്ധതികൾക്കായി 3414 കോടി 16 ലക്ഷം രൂപയാണ് കിഫ്ബി കഴിഞ്ഞ ദിവസം പി.ഡബ്ല്യു.ഡി.-ക്ക് അനുവദിച്ചിട്ടുള്ളതെന്ന് പ്രത്യേകം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സഭയിലെ എല്ലാവരും കിഫ്ബിയെ സ്നേഹിക്കുന്നവരാണെന്ന് നമുക്കറിയാം. ആ സ്നേഹം കൂടുതൽ വർദ്ധിച്ചുവരുന്ന നിലപാടാണ് ഈ പശ്ചാത്തലവികസന കാര്യത്തിലുണ്ടായിട്ടുള്ളത്. ഇത് എല്ലാ എം.എൽ.എ.-മാർക്കും സന്തോഷമുള്ള കാര്യമാണ്. പൊതുമരാമത്ത് വകുപ്പിന്റെ മലയോര ഹൈവേ വികസനത്തിന്റെ ഭാഗമായി 9 പദ്ധതികൾക്കായി 582 കോടി 82 ലക്ഷം രൂപയും തീരദേശ ഹൈവേ വികസനത്തിന്റെ ഭാഗമായി 4 പദ്ധതികളുടെ സ്ഥലം ഏറ്റെടുപ്പിനായി 139 കോടി 90 ലക്ഷം രൂപയും ആലുവ-പെരുമ്പാവൂർ റോഡിന്റെ സ്ഥലമേറ്റെടുപ്പിനായി 262 കോടി 75 ലക്ഷം രൂപയും കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രധാനപ്പെട്ട ജംഗ്ഷനുകളുടെ വികസനമെന്ന പദ്ധതിയുടെ ഭാഗമായി 5 ഇടങ്ങളിൽ സ്ഥലമേറ്റെടുപ്പിനായി 20 കോടി 55 ലക്ഷം രൂപയും കരമന-കളിയിക്കാവിള പാതയിലെ കൊടിനട-വഴിമുക്ക് റോഡിന്റെ സ്ഥലം ഏറ്റെടുപ്പിനായി 113 കോടി 90 ലക്ഷം രൂപയും കണ്ണൂർ എയർപോർട്ട് കണക്റ്റിവിറ്റി പാക്കേജിൽ

ഉൾപ്പെടുന്ന 3 റോഡ് പദ്ധതികൾക്ക് സ്ഥലമേറ്റെടുക്കുന്നതിനായി 1979 കോടി 47 ലക്ഷം രൂപയും കൊട്ടാരക്കര ബൈപ്പാസിന് സ്ഥലം ഏറ്റെടുപ്പിനായി 110 കോടി 36 ലക്ഷം രൂപയും മണക്കാട്-ആറ്റുകാൽ ക്ഷേത്രം റോഡിന്റെ സ്ഥലം ഏറ്റെടുപ്പിനായി 52 കോടി 99 ലക്ഷം രൂപയും അനുവദിച്ചുവെന്നുള്ള സന്തോഷ വിവരവും എല്ലാവരുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കിഫ്ബി പൊതുവെ പൊതുമരാമത്ത് വകുപ്പിനോട് എടുക്കുന്ന നിലപാടുകൾ, രാജ്യം നേരിടുന്ന അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലും കേന്ദ്ര ബജറ്റിലൂടെ വീണ്ടും വീണ്ടും കേരളത്തെ കഴുത്ത് ഞെരിച്ച് കൊല്ലാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോഴും കിഫ്ബി ഒരു പ്രതിരോധമാണെന്നുള്ള പ്രഖ്യാപനമാണ് ഇത്തരത്തിലുള്ള പദ്ധതികളെന്ന് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്.

(7) <u>വില്ലേജ് ആഫീസർമാർ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾ</u>

<u>ശ്രീ. എം. നൗഷാദ്</u>: സർ, പദ്ധതി നിർവ്വഹണ നിരീക്ഷണ വകുപ്പിന്റെ 7-10-2021-ലെ 1/2021 ഉത്തരവ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ് എന്റെ സബ്മിഷൻ. ടി ഉത്തരവ് പ്രകാരം വില്ലേജ് ഓഫീസർമാർ ജാതി സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, വൺ ആൻഡ് സെയിം

സർട്ടിഫിക്കറ്റ് എന്നിവയൊന്നും നൽകേണ്ടതില്ല. ജാതി സർട്ടിഫിക്കറ്റിന് പകരം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി. നേറ്റിവിറ്റി സർട്ടിഫിക്കറ്റിനുപകരം ബർത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതി. വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ് ഗസറ്റഡ് ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയാൽ മതി. റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് കോർപ്പറേഷൻ/ മുനിസിപ്പൽ/പഞ്ചായത്ത് സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയാൽ മതി. പക്ഷേ ഇപ്പോഴുള്ള വിഷയം ഒരു സർക്കാർ ഓഫീസുകളിലും ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ സ്വീകരിക്കാൻ തയ്യാറല്ലെന്നതാണ്. അവരെല്ലാം വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് വേണമെന്ന് നിർബന്ധം പിടിക്കുകയും ചെയ്യുന്നു. വില്ലേജ് ഓഫീസിലേയ്ക്ക് പോകുമ്പോൾ നിലവിലെ ഉത്തരവ് പ്രകാരം ഞങ്ങൾ ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റുകൾ നൽകേണ്ടതില്ലെന്നാണ് വില്ലേജ് ഓഫീസർമാർ പറയുന്നത്. ജനം അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നത് മാത്രമല്ല ഒരുകാര്യവും നടക്കുന്നുമില്ല. ഇതാണ് ഇപ്പോഴത്തെ സ്ഥിതിവിശേഷം. പ്രൊവിഡന്റ് ഫണ്ട് ഓഫീസുകൾ പോലുള്ള കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസർമാർ നൽകുന്ന

സർട്ടിഫിക്കറ്റുകൾ മാത്രമെ സ്വീകരിക്കുകയുള്ളൂ. സംസ്ഥാന സർക്കാർ ഇത്തരം സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതുപോലെ അവർ സ്വീകരിക്കുകയില്ല. അത്തരം ഓഫീസുകളിൽ വില്ലേജ് ഓഫീസർമാർ മുഖാന്തരം സർട്ടിഫിക്കറ്റുകൾ നൽകാനും അതുപോലെ എല്ലാ സർക്കാർ വകുപ്പുകളിലും ഇത്തരത്തിൽ നിർബന്ധമായി..... വിദ്യാഭ്യാസ സ്ഥാപനങ്ങൾ പോലും നിലവിലുള്ള ഉത്തരവ് പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ സ്വീകരിക്കാൻ തയ്യാറാകുന്നില്ല. അവരും വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റുകൾ വേണമെന്നാണ് നിർബന്ധം പിടിക്കുന്നത്. ജനങ്ങൾ ഇക്കാര്യത്തിൽ വല്ലാതെ ബുദ്ധിമുട്ടുന്നുണ്ട്. ഒന്നുകിൽ പഴയ രീതിയിൽ സർട്ടിഫിക്കറ്റുകൾ നൽകുകയോ അതല്ലെങ്കിൽ മുഴുവൻ സർക്കാർ ഓഫീസുകളിലും നിർബന്ധമായും ഈ ഉത്തരവ് നടപ്പിലാക്കുന്നതിനുവേണ്ട നിലപാട് സ്വീകരിക്കുകയോ ചെയ്യണം. ഈ ഉത്തരവ് സ്വീകരിക്കാൻ സാധിക്കില്ലെന്ന് നിലപാട് എടുക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണം. പി.എഫ്. പോലുള്ള കേന്ദ്ര സർക്കാർ ഓഫീസുകൾക്ക് നൽകുന്നതിനായി പഴയ രീതിയിൽ സർട്ടിഫിക്കറ്റ് നൽകാനുള്ള നിർദ്ദേശംകൂടി നൽകണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് ശ്രദ്ധിക്കപ്പെടേണ്ട പ്രധാനപ്പെട്ടൊരു വിഷയമാണ്. അതിലെ ആവശ്യവും മറുപടിയും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുകൊണ്ട് എന്റെ ജോലി കുറച്ച് കുറയുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇതൊരു ഡോക്യുമെന്റ് ആണെന്നുള്ളതുകൊണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. പൊതുജനങ്ങൾക്ക് വിവിധ വകുപ്പുകൾ മുഖേന സർക്കാർ സേവനങ്ങൾ ലഭ്യമാകുമ്പോൾ അപേക്ഷകന്റെ അർഹത തെളിയിക്കുന്നതിനായി സേവന ദാതാക്കളായ വകുപ്പുകൾ/സ്ഥാപനങ്ങൾ വിവിധ സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടാറുണ്ട്. സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുമ്പോൾ ഒഴിവാക്കാൻ സാധിക്കുന്ന സർട്ടിഫിക്കറ്റുകൾ ഒഴിവാക്കാനും സർട്ടിഫിക്കറ്റുകൾ ഗസറ്റഡ് ഉദ്യോഗസ്ഥൻ/നോട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ കഴിയുന്നത്ര ഒഴിവാക്കാനും സേവനം ലഭ്യമാക്കാനുള്ള പ്രക്രിയ ലഘൂകരിക്കാനുമാണ് സംസ്ഥാന സർക്കാർ 7-10-2021-ലെ EOP/1/2021/PIE&MD. ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതൊരു മാർഗ്ഗ നിർദ്ദേശം തന്നെയാണ്. റവന്യൂ വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റിന് പകരം

ബദൽ രേഖകൾ സ്വീകരിക്കാമെന്നും ആയതിലേക്ക് ബന്ധപ്പെട്ട വകുപ്പുകൾ നിലവിലെ വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നുമാണ് പ്രസ്തുത ഉത്തരവിലെ നിർദ്ദേശം. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പല സ്ഥാപനങ്ങളിലും വകുപ്പുകളിലും ഇപ്പോഴും റവന്യൂവകുപ്പ് അനുവദിക്കുന്ന സാക്ഷ്യപത്രങ്ങൾതന്നെ അപേക്ഷകരോട് ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഒഴിവാക്കുകയും കേരളത്തിൽ ജനിച്ച ആളുകൾക്ക് ജനന സർട്ടിഫിക്കറ്റിന്റേയോ അഞ്ചുവർഷം കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ചതിന്റെ രേഖയോ കൂടാതെ ഒരു സത്യപ്രസ്താവനയും ഉണ്ടെങ്കിൽ നേറ്റീവായി പരിഗണിക്കാമെന്നും മേൽ പ്രസ്താവിച്ച ഉത്തരവിൽ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ജാതി സർട്ടിഫിക്കറ്റിന് പകരമായി അപേക്ഷകന്റെ എസ്.എസ്.എൽ.സി.- സർട്ടിഫിക്കറ്റോ, മറ്റ് കൃത്യമായ വിദ്യാഭ്യാസ രേഖയോ, മാതാപിതാക്കൾ വ്യത്യസ്ത ജാതിയിൽപ്പെട്ടവരാണെങ്കിൽ ജാതി അവകാശപ്പെടുന്ന രക്ഷിതാവിന്റെ

വിദ്യാഭ്യാസ രേഖകൂടി ഹാജരാക്കിയാൽ ജാതി സർട്ടിഫിക്കറ്റിന് പകരമായി പരിഗണിക്കാമെന്നും ഈ മാർഗ്ഗ നിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ് സംബന്ധിച്ച മേൽ ഉത്തരവ് ഖണ്ഡിക 5(E)-ൽ അവ്യക്തത ഒഴിവാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാരുമായി ബന്ധപ്പെട്ട ഓഫീസുകളിൽ വ്യക്തിയുടെ സത്യപ്രസ്താവന ഗസറ്റഡ് പദവിയിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകുന്നതുകൊണ്ട് വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റിന് പകരമായി ഉപയോഗിക്കാവുന്നതാണ്. ഇതുകൂടാതെ അപേക്ഷകൻ ആവശ്യപ്പെടുന്ന പക്ഷം വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് നൽകിവരുന്നുമുണ്ട്. ഇതുസംബന്ധിച്ച് പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ 3-2-2023-ലെ GO(MS) 1/2023 ഉത്തരവ് പ്രകാരം ചില ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അവസാന ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നതുപ്രകാരം ബന്ധപ്പെട്ട വകുപ്പുകൾ അവരവരുടെ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ, മാനുവലുകൾ, സർക്കാർ ഉത്തരവുകൾ എന്നിവയിൽ ഭേദഗതി വരുത്താത്തതും അപേക്ഷകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിലുള്ള

പരിജ്ഞാനക്കുറവും സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നതിനും കാരണമായിട്ടുണ്ട്. വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി സമർപ്പിക്കാവുന്ന രേഖകൾ സത്യപ്രസ്താവന എന്നിവ ടി സേവനം/ആനുകൂല്യം നൽകുന്നതിന് അംഗീകരിക്കാവുന്നതാണെന്ന തരത്തിൽ സേവന ദാതാക്കളായ വകുപ്പുകളുടെ നിലവിലുള്ള നിയമങ്ങൾ/ ചട്ടങ്ങൾ/ഉത്തരവുകൾ എന്നിവയിൽ ആവശ്യമായ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ പുതിയ ഉത്തരവുകൾ പുറപ്പെടുവിച്ചോ മാത്രമെ പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് അനുസൃതമായി പരമാവധി ഫലപ്രദമായും പൊതുജനങ്ങൾക്ക് സഹായകമായ വിധത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ഈ ആശയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചീഫ് സെക്രട്ടറിയോട് നിർദ്ദേശിച്ച് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് ഒരിക്കൽക്കൂടി പ്രത്യേക നിർദ്ദേശം നൽകാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ റവന്യൂ വകുപ്പ് സേവനവകുപ്പാണ്. അതുകൊണ്ട് ഗവൺമെന്റ് ഉത്തരവുണ്ടെങ്കിലും ഒരു വകുപ്പ് ഈ സേവനം ആവശ്യപ്പെട്ടുവന്നാൽ അത് കൊടുക്കില്ലെന്ന്

ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അത് തെറ്റായ കാര്യമാണ്. അങ്ങനെ കൊടുക്കാൻ ആ വകുപ്പ് ബാദ്ധ്യതപ്പെട്ടതാണ്. കൊടുക്കാത്ത ഏതെങ്കിലും പ്രശ്നമുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിക്കും. ഈ സബ്മിഷന്റെ അടിസ്ഥാനത്തിൽ കർശനമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യും.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രോവിഡന്റ് ഫണ്ട് ഓഫീസുകളുടെ വിഷയത്തിന്റെ കാര്യത്തിലോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, അത് നേരിട്ട് ഇടപെടാൻ സാധിക്കുന്ന കാര്യമല്ല. പക്ഷേ അതുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കാൻ സർക്കാർ നിലയിൽ ഒരു സംവിധാനമുണ്ടാക്കും.

(8) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് ടിക്കറ്റ് ഇളവ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കാസർകോഡ്-മഞ്ചേശ്വരം താലൂക്കിലെ കുട്ടികൾ എസ്.എസ്.എൽ.സി. കഴിഞ്ഞാൽ പി.യു.സി (പ്രീ-യൂണിവേഴ്സിറ്റി കോഴ്സ്) -ന് ആശ്രയിക്കുന്നത് മംഗലാപുരത്തെയാണ്. ഡിഗ്രി, ടെക്നിക്കൽ കോഴ്സ്, പാരാമെഡിക്കൽ കോഴ്സുകൾ എന്നീ കോഴ്സുകൾക്ക്

അവർ ആശ്രയിക്കുന്നത് മംഗലാപുരത്തെയാണ്. കാരണം മതിയായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. വിജയിച്ച കുട്ടികൾക്ക് നൽകാൻ സീറ്റുകളില്ലാത്ത ഒരു അവസ്ഥയുമുണ്ട്. ഈ സന്ദർഭത്തിൽ അവരുടെ മാതാപിതാക്കൾ മംഗലാപുരത്ത് കാശ് കൊടുത്ത് സീറ്റ് ഉറപ്പിക്കും. വിദ്യാർത്ഥികൾ മംഗലാപുരത്തേയ്ക്ക് പോകുന്നത് ചെറുവത്തൂരിൽനിന്നും രാവിലെ ആറുമണിക്ക് പുറപ്പെടുന്ന ഒരു പാസഞ്ചർ ട്രെയിനിനെ മാത്രമാണ് അവർക്ക് ആശ്രയിക്കാനുള്ളത്. കാസർകോഡ് സ്റ്റേഷനിൽ ഏഴുമണിക്ക് ട്രെയിൻ എത്തുന്നു. കുംബള, മഞ്ചേശ്വരം, ഉപ്പള, എന്നീ സ്ഥലങ്ങൾ കടന്ന് എട്ടുമണിക്കുമുമ്പ് മംഗലാപുരത്ത് എത്തുന്ന ഒരു അവസ്ഥയാണുള്ളത്. ഈ ട്രെയിനിലേയ്ക്ക് മഞ്ചേശ്വരം മണ്ഡലത്തിലും കാസർകോഡ് മണ്ഡലത്തിലുമുള്ള ഉൾഗ്രാമങ്ങളിലെ കുട്ടികൾ നാലരമണിക്കും അഞ്ചുമണിക്കും എഴുന്നേറ്റ് ഈ ട്രെയിനിലേയ്ക്ക് പോകുന്ന പ്രയാസവുമുണ്ട്. പലപ്പോഴും ആ ട്രെയിനിനെ പറ്റി കാസർകോഡ് പത്രങ്ങളിൽ വലിയ രീതിയിൽ വാർത്ത നൽകുന്നുണ്ട്. തിരക്കുകൊണ്ട് പല കുട്ടികളും അപകടത്തിൽപ്പെടുന്ന ഒരു അവസ്ഥയുമുണ്ട്. ഇപ്പോഴും മോഗ്രാലിൽ ഒരു കുട്ടി കോളേജിലേയ്ക്ക് പോകുമ്പോൾ അപകടത്തിൽപ്പെട്ട് കാല് മുറിച്ച് മാറ്റേണ്ട ഒരു അവസ്ഥ സംജാതമായിട്ടുണ്ട്.

ഇതേ സമയത്താണ് നമ്മുടെ കെ.എസ്.ആർ.ടി.സി. മംഗലാപുരത്തേയ്ക്ക് ചെയിൻ സർവ്വീസ് നടത്തുന്നത്. ഒരുകാര്യം മനസ്സിലാക്കേണ്ടത്, കാസർകോഡ് ഭാഷാ ന്യൂനപക്ഷങ്ങൾക്കുവേണ്ടി കർണ്ണാടക ഗവൺമെന്റ് ഒരു വർഷത്തേയ്ക്ക് നേരത്തെ 1050 രൂപയ്ക്ക് കൺസെക്ഷൻ നൽകിയിരുന്നു. ഇന്ന് 1500 രൂപയ്ക്ക് പാസ് നൽകുന്നുണ്ട്. കന്നട ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മാത്രമെ പാസ് നൽകുവെന്ന ഉടമ്പടിയോടുകൂടിയാണ് ഇവർ ഇത് നൽകുന്നത്. സ്വഭാവികമായും എന്റെ ജില്ലയിലെ മറ്റ് കന്നടക്കാരല്ലാത്ത കുട്ടികൾക്ക് ഈ കൺസെക്ഷൻ ലഭിക്കുന്നില്ല. കേരളത്തിന്റെ കെ.എസ്.ആർ.ടി.സി. ബസ്സിൽ പോകണമെങ്കിൽ ദിവസം 100-150 രൂപയാണ് അവർക്ക് ചെലവ് വരുന്നത്. അവർക്ക് പഠിക്കാൻ സീറ്റുകളില്ല. നൽകാൻ കോളേജുകളുമില്ല. അവർ മംഗലാപുരത്തേയ്ക്ക് കാശ് കൊടുത്ത് പഠിക്കാൻ പോകുമ്പോൾ, കർണ്ണാടക ഗവൺമെന്റ് നൽകുന്നതുപോലെ ഒരു വർഷം 1500 രൂപയ്ക്ക് നമ്മുടെ കുട്ടികൾക്ക് പഠിക്കാനുള്ള പാസ് നൽകാൻ നമുക്ക് സാധിക്കണം. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയോട് ഇക്കാര്യം പലപ്പോഴും സംസാരിച്ചപ്പോൾ വളരെ പോസിറ്റീവായാണ് അദ്ദേഹം എന്നോട് സംസാരിച്ചത്. പ്രത്യേകിച്ച് കേരളത്തിൽ ഗ്രാമവണ്ടി

പോലുള്ള പുതിയ സംവിധാനങ്ങൾ കൊണ്ടുവന്ന് വകുപ്പിൽ പല രീതിയിലും പ്രതിസന്ധികൾ നേരിടുമ്പോഴും വളരെ മനോഹരമായി ആ വകുപ്പിനെ കൈ പിടിച്ച് ഉയർത്താൻ ശ്രമിക്കുന്ന ഈ ഘട്ടത്തിലും നിലവിൽ ധാരാളം പ്രതിസന്ധികളുള്ള സന്ദർഭത്തിൽ കാസർകോഡ് പരമ്പരാഗതമായി പല എം.എൽ.എ.-മാരും ഉന്നയിച്ചതുപോലെ വിദ്യാർത്ഥികൾക്ക് ഇങ്ങനെ പാസ് അനുവദിക്കുകയാണെങ്കിൽ ഒരുപാട് കുട്ടികളുടെ കണ്ണീരൊപ്പാൻ കഴിയും. കാസർകോഡുള്ള കുട്ടികളുടെ പ്രാർത്ഥന ബഹുമാനപ്പെട്ട മന്ത്രിക്ക് ലഭിക്കും. ഇക്കര്യത്തിൽ അടുത്ത അദ്ധ്യാനവർഷം ആരംഭിക്കുമ്പോൾ നമ്മുടെ കെ.എസ്.ആർ.ടി.സി. ബസ്സിൽ പോകാനുള്ള അടിയന്തര സംവിധാനം ഒരുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, പതിറ്റാണ്ടുകളായി പരിഹാരം കാണാതിരുന്ന വിദ്യാർത്ഥി കൺസഷനുമായി ബന്ധപ്പെട്ട ഒരു സുപ്രധാന വിഷയമാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനായി ഇവിടെ ഉന്നയിച്ചിരിക്കുന്നത്. സംസ്ഥാനത്തിനകത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കാണ് നിലവിൽ കെ.എസ്.ആർ.ടി.സി. കൺസഷൻ

അനുവദിക്കുന്നത്, അയൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ സൗകര്യം അനുവദിക്കുന്നില്ല. അന്തർസംസ്ഥാന ഗതാഗത കരാർ വ്യവസ്ഥ പ്രകാരം കാസർഗോഡ്-മംഗലാപുരം അന്തർസംസ്ഥാന പാതയിൽ രണ്ട് മണിക്കൂർ ഇടവേളകൾ ക്രമീകരിച്ച് ഇരുസംസ്ഥാനങ്ങളിലെയും ആർ.ടി.സി. ചെയിൻ സർവ്വീസുകൾ നടത്തിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് അനുവദിച്ചിട്ടുള്ള നിലവിലുള്ള സമയക്രമം ലംഘിച്ച് കർണ്ണാടക ബസുകൾക്ക് പ്രസ്തുത റൂട്ടിൽ കൂടുതൽ സർവ്വീസ് അനുവദിക്കുന്നത് നിലവിലുള്ള അന്തർസംസ്ഥാന ഗതാഗത വ്യവസ്ഥകളുടെ ലംഘനമാണ്. മാത്രമല്ല ഇത് കെ.എസ്.ആർ.ടി.സി.-ക്ക് വലിയ വരുമാന നഷ്ടത്തിന് കാരണമാകുകയും ചെയ്യും. അതുകൊണ്ട് കൂടുതൽ കർണ്ണാടക ബസുകൾ സർവ്വീസ് നടത്താൻ അനുവദിക്കണമെന്ന നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ വിദ്യാർത്ഥികൾ പതിറ്റാണ്ടുകളായി നേരിടുന്ന ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. ജില്ലയിലെ എം.എൽ.എ.-മാരും എസ്.എഫ്.ഐ.-യും പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലും കേരളത്തിലെ

വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാലും വിദ്യാർത്ഥികൾക്ക് പ്രയോജനപ്രദമായ രീതിയിൽ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അടുത്ത അധ്യയന വർഷം മുതൽ കൺസഷൻ അടിസ്ഥാനത്തിൽ സീസൺ ടിക്കറ്റ് സംവിധാനം നടപ്പാക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് അനുമതി നൽകുന്നതാണ്. എന്നാൽ അദ്ദേഹം പറഞ്ഞതുപോലെ റേറ്റ് 1345 രൂപയോ 1395 രൂപയോ അല്ലെന്ന് അദ്ദേഹത്തിനുതന്നെ അറിയാം. റേറ്റ് പ്രതിവർഷമല്ല പ്രതിമാസമാണ്. ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ചിട്ടുള്ള തുകയുംതന്നെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. ആ തുക ഞാൻ ഇവിടെ പറയുന്നില്ല. ഏതായാലും അങ്ങ് ഉന്നയിച്ച വളരെ ഗൗരവതരമായ ഈ പ്രശ്നത്തിന് അടുത്ത അധ്യയന വർഷം മുതൽ ശാശ്വതമായ പരിഹാരം ഉണ്ടാകുന്നതാണ്.

### (9) നൂറനാട് ലെപ്രസി സാനറ്റോറിയം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി ഉയർത്തൽ

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കര നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന നൂറനാട് ലെപ്രസി സാനറ്റോറിയത്തെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 40.30 കോടി രൂപ

വിനിയോഗിച്ചുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഇതിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടെയുള്ള 300 കിടക്കകളിലും ഓക്സിജൻ സപ്ലൈ ചെയ്യുന്നതിനുള്ള സംവിധാനമുണ്ട്. 16 കിടക്കകളുള്ള ഐ.സി.യു., സ്പെഷ്യാലിറ്റി റൂമുകൾ, ലാബുകൾ, മേജർ & മൈനർ ഓപ്പറേഷൻ തീയേറ്ററുകൾ, നഴ്സിംഗ് സ്റ്റേഷൻ തുടങ്ങി സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും സജ്ജീകരിക്കാൻ ഇവിടെ സൗകര്യമുണ്ട്. നിലവിൽ ഡെർമ്മറ്റോളജി, പി.എം.&ആർ., ഡെന്റൽ, ജനറൽ ഒ.പി., സൈക്കാട്രി, ഒഫ്ത്താൽമോളജി എന്നിവും ഫിസിയോതെറാപ്പി, ഫോട്ടോതെറാപ്പി, ആർട്ടിഫിഷ്യൽ ലിമ്പ് ഫിറ്റിംഗ് സെന്റർ, ട്രെയിനിംഗ് സെന്റർ തുടങ്ങിയവയും ഇവിടെ പ്രവർത്തിക്കുകയാണ്. ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ വസിക്കുന്നവർ അടിയന്തര സാഹചര്യത്തിലും പ്രത്യേക ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനുമായി 70 കി.മീ. മുതൽ 100 കി.മീ. വരെ ദൂരമുള്ള ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജിനെയാണ് ആശ്രയിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിക്ക് അക്കാര്യം അറിയാവുന്നതാണ്. ഏറ്റവും കൂടുതൽ ഗതാഗതത്തിരക്കുള്ളതും കൂടുതൽ

അപകടങ്ങൾ നടക്കുന്നതുമായ റോഡാണ് കെ. കെ. റോഡ്. ഇവിടെ ട്രോമാകെയർ സംവിധാനം അത്യാവശ്യമാണ്. ഈ സാഹചര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് നൂറനാട് ലെപ്രസി സാനറ്റോറിയത്തെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായി മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, 1934-ലാണ് കുഷ്ഠരോഗികളുടെ ചികിത്സയും പുനരധിവാസവും ലക്ഷ്യമാക്കി നൂറനാട് പ്രസ്തുത ചികിത്സാ കേന്ദ്രം സ്ഥാപിക്കപ്പെട്ടത്. 135.3 ഏക്കർ സ്ഥലമുണ്ടായിരുന്നതിൽ 50 ഏക്കർ സ്ഥലം ഇന്റോ-ടിബറ്റൻ ബോർഡർ സെക്യൂരിറ്റി ഫോഴ്സിന് പാട്ടത്തിന് നൽകിയിട്ടുണ്ട്. നിലവിൽ 85.3 ഏക്കർ സ്ഥലം ഇവിടെയുണ്ട്. ബഹുമാനപ്പെട്ട അംഗം അവിടെ നൽകുന്ന സേവനത്തെക്കുറിച്ച് പറഞ്ഞതുകൊണ്ട് ഞാൻ അത് വിശദീകരിക്കുന്നില്ല. ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ട കിടക്കകളുടെ എണ്ണം 767 ആണ്. ഇവിടത്തെ ശരാശരി ജനറൽ ഒ.പി. 400 മുതൽ 500 വരെയും ലെപ്രസി വിഭാഗം ഒ.പി. പ്രതിവാരം ശരാശരി 50 വരെയും ഫിസിക്കൽ & റീഹാബിലിറ്റേഷൻ ഒ.പി.-

യും പ്രതിദിന ഫിസിയോതെറാപ്പി ഒ.പി.-യും ശരാശരി 100 മുതൽ 150 വരെയുമാണ്. ഇവിടെ നിലവിൽ 7 ഡോക്ടർമാരുടെയുൾപ്പടെ 203 സ്ഥിരം ജീവനക്കാരുടെ സേവനമാണ് ലഭ്യമാക്കിയിട്ടുള്ളത്. കുഷ്ഠരോഗ നിർണ്ണയവും ചികിത്സയും ബോധവൽക്കരണവും അന്തേവാസികളായവരുടെ ചികിത്സയും പുനരധിവാസവും കുഷ്ഠരോഗത്തെക്കുറിച്ച് നഴ്സിംഗ് പാരാമെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള പരിശീലന പരിപാടികളും ത്വക്ക്രോഗ വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനവും ഫിസിക്കൽ മെഡിസിൻ സ്പെഷ്യലിസ്റ്റിന്റെയും ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെയും സേവനവും ആലപ്പുഴ ജനറൽ ആശുപത്രിയിൽനിന്ന് മാസത്തിലൊരിക്കൽ സഞ്ചരിക്കുന്ന നേത്രചികിത്സാ വിഭാഗത്തിന്റെ സേവനവും മാസത്തിലൊരിക്കൽ സൈക്കാട്രിസ്റ്റിന്റെ സേവനവും ജീവിതശൈലീ രോഗ ക്ലിനിക്കും പ്ലാസ്റ്റിക് സർജന്റെ സേവനവും ആഴ്ചയിൽ ഒരു ദിവസമെന്ന നിലയിൽ ഇവിടെ ലഭ്യമാക്കി വരുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 40.30 കോടി രൂപയുടെ അടങ്കൽ തുക അടിസ്ഥാനമാക്കിയുള്ള പ്രൊപ്പോസലാണ് നൽകിയിരുന്നത്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 23.53 കോടി രൂപയ്ക്ക് നബാർഡ് ഫണ്ടിൽ

ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നു. അതിന്റെ നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഒന്നാംഘട്ട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മെയിൽ വാർഡ് (4640 സ്ക്വയർ മീറ്റർ), ഫീമെയിൽ വാർഡ് (4640 സ്ക്വയർ മീറ്റർ) എന്നിവയുടെ നിർമ്മാണമാണ് പൂർത്തിയായത്. ഇതോടൊപ്പമുള്ള ഓക്സിജൻ പ്ലാന്റ്, സബ്സ്റ്റേഷൻ എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. 140 കിടക്കകളിലേയ്ക്ക് ഓക്സിജൻ പൈപ്പ്ലൈനും, 16 ഐ.സി.യു. കിടക്കകളിലേയ്ക്ക് ഒക്സിജൻ ലൈൻ സ്ഥാപിച്ചിട്ടുള്ള വാർഡും സജ്ജീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 200 കെ.വി.എ. ജനറേറ്ററും സ്ഥാപിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ഉൾപ്പെടെ തയ്യാറാക്കി അനുമതി ലഭ്യമാക്കുന്നതിനുവേണ്ട തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയുടെ ലൊക്കേഷനും പ്രാധാന്യവും കണക്കിലെടുത്ത് ഈ സാധ്യതകൾ പരിശോധിച്ച് മെച്ചപ്പെട്ട ചികിത്സാ സേവനങ്ങൾ അവിടെ ലഭ്യമാക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(10) <u>പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം</u>

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, പട്ടാമ്പി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ്

ഹോസ്പിറ്റലിന്റെ സമഗ്ര നവീകരണം ആവശ്യപ്പെട്ടുകൊണ്ടാണ് സബ്മിഷൻ അവതരിപ്പിക്കുന്നത്. ഒരു ദിവസം ആയിരത്തിലധികം ഒ.പി.-യും നൂറോളം ആളുകൾ ഇൻപേഷ്യന്റ്സായും വരുന്ന ആശുപത്രിയാണിത്. ആശുപത്രിയുടെ നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും പല കാരണങ്ങളാൽ അത് നടക്കുന്നില്ല. കിഫ്ബി 15 കോടി രൂപ അനുവദിച്ചുവെങ്കിലും റെയിൽവേയുടെ അനുവാദം ലഭിക്കാതെ നിർമ്മാണ പ്രവൃത്തികൾ നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. 13 കോടി രൂപ കെട്ടിടത്തിന് അനുവദിച്ചിട്ടുണ്ട്. 2 കോടി രൂപ സ്ഥലമേറ്റെടുക്കുന്നതിന് അനുവദിക്കുകയാണെങ്കിൽ ആ പ്രശ്നം പരിഹരിക്കാൻ സാധിക്കും. അവിടെ ഇപ്പോഴും പഴയ രീതിയിലുള്ള സ്റ്റാഫ് പാറ്റേൺ തുടരുന്നതുകാരണം കൂടുതൽ ആളുകൾ വരുമ്പോൾ വേണ്ടത്ര സേവനം നൽകാൻ കഴിയാത്തതിനാൽ എല്ലാ ദിവസവും വലിയ പരാതികൾ ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് സ്റ്റാഫ് പാറ്റേൺ പുതുക്കാൻകൂടി നടപടി സ്വീകരിക്കണം. അതോടൊപ്പം ഡയാലിസിസ് സെന്ററിന് പൂർണ്ണമായും എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് അതിന്റെ ഉപകരണങ്ങളടക്കമുള്ള കാര്യങ്ങൾക്ക് ഫണ്ട് അനുവദിച്ചു. എന്നാൽ അതിന്റെ ഉപകരണങ്ങൾ വാങ്ങാൻ ചില സാങ്കേതികത്വമുണ്ട്. ഫണ്ട് മുഴുവൻ ലഭിക്കുന്നില്ലെന്ന കാര്യം

പറഞ്ഞുകൊണ്ട് സാധനങ്ങൾ വാങ്ങാതെ അതും പെൻഡിംഗിലാണ്. 2016-ൽ എം.എൽ.എ. ഫണ്ട് അനുവദിച്ച എക്സ്-റേ യൂണിറ്റും ജനറേറ്ററുമുണ്ടായിരുന്നു. ജനറേറ്റർ അവിടെ യാഥാർത്ഥ്യമായി. മൂന്ന് വർഷമായിട്ടും എക്സ്-റേ യൂണിറ്റ് യാഥാർത്ഥ്യമാകാതിരുന്നപ്പോൾ മുൻ ആരോഗ്യ വകുപ്പുമന്ത്രി ഇടപെട്ടുകൊണ്ട് അടിയന്തരമായി ഒരു എക്സ്റേ യൂണിറ്റ് അവിടെ നൽകുകയുണ്ടായി. പക്ഷേ 2016-ൽ അനുവദിച്ച ഫണ്ട് ആയതിനാൽ എ.എസ്. മാറ്റാൻ കഴിയില്ല. ഈ എക്സ്-റേ യൂണിറ്റ് അനുവദിക്കുകയാണെങ്കിൽ അത് കൊപ്പം സി.എച്ച്.സി.-ക്ക് ആവശ്യമാണ്. എ.എസ്. മാറ്റി നൽകാൻ സാധിക്കാത്തതുകൊണ്ട് താലൂക്ക് ആശുപത്രിയിൽ വന്നതിനുശേഷം ആരോഗ്യവകുപ്പ് അറേഞ്ച് ചെയ്യുകയാണെങ്കിൽ അത് നടക്കും. ഇത്തരം കാര്യങ്ങളിൽ അടിയന്തരമായി ഇടപെട്ട് പ്രശ്നങ്ങൾ തീർപ്പാക്കണമെന്നും താലൂക്ക് ആശുപത്രിയുടെ സമഗ്ര നവീകരണത്തിന് ഒരു പ്രത്യേക ഇടപെടൽ ഉണ്ടാകണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാനപ്പെട്ട അംഗം പട്ടാമ്പി താലൂക്ക് ആശുപത്രിയെ

സംബന്ധിച്ചാണ് ഇവിടെ സൂചിപ്പിച്ചത്. ഈ ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ടും ദൈനംദിന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടും ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതനുസരിച്ച് മീറ്റിംഗ് വിളിച്ച് ചേർത്തിരുന്നു. ബഹുമാനപ്പെട്ട എം.എൽ.എ.-യും അതിൽ പങ്കെടുത്തിരുന്നു. ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കിഫ്ബി തുക അനുവദിച്ചുവെങ്കിലും റെയിൽവേയുടെ എൻ.ഒ.സി. ലഭ്യമാകാത്തതിനാൽ ആ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. വർഷങ്ങളായ ഒരു പദ്ധതിയാണ്. അന്നത്തെ യോഗ തീരുമാനമനുസരിച്ച് ആരോഗ്യ വകുപ്പിന്റെ ടെക്നിക്കൽ കമ്മിറ്റി അവിടെ പരിശോധന നടത്തുകയും നിലവിലെ സ്ഥലത്ത് എൻ.ഒ.സി. ആവശ്യമില്ലാത്ത രീതിയിൽ നിർമ്മാണം നടത്താൻ കഴിയുമെന്നുമാണ് ഏറ്റവുമവസാനം അവർ അറിയിച്ചത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭിപ്രായ പ്രകാരം എതിർവശത്തുള്ള മറ്റൊരു സ്ഥലത്തിന്റെ കാര്യവും നമ്മൾ പരിഗണിച്ചിരുന്നു. ഏതായാലും അദ്ദേഹം സബ്മിഷനിൽ ഉന്നയിച്ച വിഷയം കൂടി പരിഗണിച്ചുകൊണ്ട് അതിൽ ഒന്നിച്ച് തീരുമാനമെടുക്കാവുന്നതാണ്. അതോടൊപ്പം ഈ ആശുപത്രിയുടെ

ചികിത്സാ സേവനം മെച്ചപ്പെടുത്തുന്നതിനായി 2016-2017-ലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 26,97,000/- രൂപ അനുവദിച്ച് 100 കെ.വി.എ. ജനറേറ്റർ അവിടെ സ്ഥാപിച്ചു. ബാക്കി തുക ഉപയോഗിച്ച് ഡിജിറ്റൽ എക്സ്-റേ യൂണിറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ചകാര്യം അദ്ദേഹം പറഞ്ഞ രീതിയിൽ ഇവിടെ വാങ്ങിക്കൊണ്ട് കൊപ്പം സി.എച്ച്.സി.-ക്ക് നൽകാൻ കഴിയുമോയെന്ന് നിർദ്ദേശം നൽകാവുന്നതാണ്. കൂടാതെ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഡയാലിസിസ് യൂണിറ്റ് പ്രവർത്തനമാരംഭിക്കുന്നതിന് ആവശ്യമായ 9 ഉപകരണങ്ങൾ വാങ്ങുന്നതിനായി സപ്ലൈ ഓർഡർ നൽകുകയും അതിൽ 8 എണ്ണം ലഭ്യമാക്കുകയും അത് സ്ഥാപിച്ചുകൊണ്ടിരിക്കുകയുമാണ്. Crash cart, Defibrillator with cardiac Monitor, Emergency Trolley (Trauma Emergency Cot), Fire Extinguisher, ICU cot model B, RO Plant 2000 Ltr. with disinfection and distribution lines, Suction Apparatus, Syringe Pump എന്നിവ അവിടെ എത്തിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ആശുപത്രിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട്

സജീവമായ ഇടപെടലാണ് വകുപ്പ് നടത്തിവരുന്നത്.